# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3570 | 22.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **ഏകദിന വസതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) തലസ്ഥാന നഗരത്തിൽ തനിച്ചെത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസ സൗകര്യം ഒരുക്കുന്നതിനായി ഏകദിന വസതി സ്ഥാപിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്. <br> തലസ്ഥാന നഗരത്തിൽ തനിച്ചെത്തുന്ന സ്ത്രീകൾ/ പെൺകുട്ടികൾ എന്നിവർക്ക് സുരക്ഷിതമായ താമസസൗകര്യം, ഭക്ഷണം എന്നിവ കുറഞ്ഞ നിരക്കിൽ നൽകുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന ഒരു പദ്ധതിയാണ് വൺ ഡേ ഹോമുകൾ. തിരുവനന്തപുരം നഗരസഭയുടെയും സാമൂഹ്യനീതി വകുപ്പിന്റെയും പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. തിരുവനന്തപുരം കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിലായി ഉടൻ തന്നെ വൺഡേ ഹോം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ? | (ബി) തിരുവനന്തപുരം നഗരത്തിൽ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിക്കുന്ന മുറയ്ക്ക് മറ്റു ജില്ലകളിൽ കൂടി നടപ്പിലാക്കുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ